**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6761** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി കുട്ടികൾക്കുള്ള വെർച്ചൽ ക്ലാസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയവരും ശാരീരിക അവശതകൾ മൂലം വീട്ടുവിട്ട് പുറത്ത് പോകാനും പഠിക്കാനും കഴിയാതിരുന്നവരുമായ ഭിന്നശേഷി കുട്ടികൾക്കായി വെർച്ചൽ ക്ലാസുകൾ ആരംഭിക്കുന്നതിന് സമഗ്ര ശിക്ഷ അഭിയാൻ കേരളയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. വിവിധ ഘട്ടങ്ങളിലായി കിടപ്പിലായ കുട്ടികളുടെ വീടുകളിൽ വെർച്ചൽ ക്ലാസുകൾ ആരംഭിക്കുന്നതിനായി പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | ഇത്തരം വിദ്യാർത്ഥികൾ പ്രവേശനം നേടിയ പൊതു വിദ്യാലയങ്ങളിലെ ക്ലാസ് മുറിയിൽ ക്യാമറകൾ സ്ഥാപിച്ച് ടാബിലൂടെ കുട്ടികൾക്ക് ക്ലാസ്സുകളിൽ പഠിപ്പിക്കുന്നത് ലൈവായി കാണുന്നതിനും സഹവിദ്യാർത്ഥികളുമായി സംവദിക്കുന്നതിനും അവസരമൊരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ക്ലാസിൽ സജ്ജീകരിച്ചിരിക്കുന്ന 360 ഡിഗ്രി ക്യാമറയുടെ സഹായത്തോടെ ബെഡ്റൂമിൽ കുട്ടിക്ക് ഇന്റർനെറ്റ് കണക്ടിവിറ്റിയുള്ള ടാബിലൂടെ ക്ലാസുകൾ കാണാൻ സാധിക്കും. കൂടാതെ പരസ്പരം സംവദിക്കുന്നതിനുള്ള സംവിധാനവും ഇതിന്റെ ഭാഗമായുണ്ട്. കുട്ടിക്ക് തന്റെ ചങ്ങാതിക്കൂട്ടവുമായി സൗഹൃദം പങ്കു വെയ്ക്കുന്നതിനും അദ്ധ്യാപകരുമായി സംശയനിവാരണം നടത്തുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. |
| (സി) | ഏതെല്ലാം ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയാണ് വെർച്ചൽ ക്ലാസ്സുകളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (സി) | പൊതുവിദ്യാലയങ്ങളിൽ എൻറോൾ ചെയ്യപ്പെട്ട എന്നാൽ വിവിധ പരിമിതികളാൽ സ്കൂളുകളിൽ എത്തിപ്പെടാൻ കഴിയാത്ത കുട്ടികളെ (കിടപ്പിലായ കുട്ടികൾ) യാണ് പദ്ധതിയുടെ ഭാഗമാക്കിയിട്ടുള്ളത്. |
| (ഡി) | നിലവിൽ ആഴ്ചയിൽ ഒരു ദിവസം മാത്രം ബ്ലോക്ക് റിസോഴ്സ് സെന്ററിലെ സ്പെഷ്യൽ എഡ്യുക്കേറ്റർമാർ വീടുകളിലെത്തി ക്ലാസ്സുകൾ നടത്തിയിരുന്ന സ്ഥാനത്ത് സ്കൂളിലെ മുഴുവൻ ക്ലാസ്സുകളിലും ഇത്തരം കുട്ടികൾക്ക് അറ്റന്റ് ചെയ്യാവുന്ന രീതിയിലാണോ പദ്ധതി വിഭാവനം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | എൻറോൾ ചെയ്ത കുട്ടി ഉൾപ്പെട്ട ഡിവിഷനിലെ എല്ലാ ക്ലാസുകളും കാണുന്നതിനുള്ള ക്രമീകരണമാണ് ചെയ്തിട്ടുള്ളത്. അധിക പിന്തുണാ സംവിധാനത്തിനായി ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യൽ എഡ്യൂക്കേറ്റർ വീടുകളിലെത്തും. |

സെക്ഷൻ ഓഫീസർ